## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1891**

**17.03.2015-ലെ മറുപടിക്ക്**

### ജെയിംസ് മാത്യു എം.എൽ.എ.യുടെ അറസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ. ബാലൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ജെയിംസ് മാത്യു എം.എൽ.എ.യുടെ അറസ്റ്റിന് കാരണമായ കുറ്റങ്ങൾ എന്താണ്; ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) ശ്രീകണ്ഠാപുരം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 926/2014 u/s 57 of KP Act പ്രകാരമുള്ള കേസിൽ കാണാതായ ശശിധരൻ എന്നയാൾ 15.12.2014 ാം തീയ്യതി 17 മണിക്ക് കാസർഗോഡ് കസബ ഗ്രാമത്തിലെ പുതിയ ബസ്സ് സ്റ്റാൻഡിന് സമീപമുള്ള താജ് ഹോട്ടൽ ലോഡ്ജിലെ 107 ാം നമ്പർ മുറിയിൽ കെട്ടിത്തൂങ്ങി മരണപ്പെട്ടതായി കാണപ്പെട്ടതിനെ തുടർന്ന് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1026/14 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. പ്രസ്തുത കേസ്സിൽ അന്വേഷണം നടത്തി വരവെ മരണമടഞ്ഞ ശശിധരന്റെ 3 ആത്മഹത്യാകുറിപ്പുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുള്ള അന്വേഷണത്തിനായി കേസ് ശ്രീകണ്ഠാപുരം പോലീസ് സ്റ്റേഷനിലേയ്ക്ക് അയച്ചുകൊടുക്കുകയും ക്രൈം നമ്പർ 958/14 u/s 174 CrPC പ്രകാരം അന്വേഷണം നടത്തുകയും, മരണമടഞ്ഞ ആളുടെയും ശ്രീ. ജയിംസ് മാത്യു എം.എൽ.എ യുടെയും ഫോൺ വിളികളുടെ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ആത്മഹത്യാ കുറിപ്പിൽ നിന്നും, ഫോൺ വിളികളുടെ രേഖകളുടെ അടിസ്ഥാനത്തിലും, സാക്ഷിമൊഴികൾ കൊണ്ടും ശശിധരൻ ആത്മഹത്യ ചെയ്തത് പ്രേരണ കൊണ്ടാണെന്ന് വെളിവായതിനാൽ Sec. 174 CrPC എന്ന കുറ്റം Sec 306 r/w 34 IPC ആയി alter ചെയ്തിട്ടുള്ളതാണ്. തുടർന്ന് (1) ഷാജി, (2) ശ്രീ. ജയിംസ് മാത്യു എം.എൽ.എ എന്നിവർ യഥാക്രമം ബഹു. ജില്ലാ കോടതിയിലും ബഹു. ഹൈക്കോടതിയിലും ജാമ്യാപേക്ഷ നൽകിയിരുന്നുവെങ്കിലും ടി ജാമ്യാപേക്ഷകൾ ബഹു. കോടതികൾ നിരസിച്ചിട്ടുള്ളതിനാൽ ഒന്നാം പ്രതി ഷാജിയെ 17.02.2015 തീയ്യതിയിലും ശ്രീ.ജയിംസ് മാത്യു എം.എൽ.എ യെ 27.02.2015 തീയ്യതിയിലും അറസ്റ്റ് ചെയ്ത് ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണ്. പ്രസ്തുത കേസ്സിലെ ഒന്നാം പ്രതിയും രണ്ടാം പ്രതിയും 06.03.2015 ന് ബഹു. ഹൈക്കോടതി മുമ്പാകെ ജാമ്യാപേക്ഷ സമർപ്പിക്കുകയും അന്നുതന്നെ ജാമ്യം അനുവദിച്ചുകൊണ്ട് ഉത്തരവ് ഉണ്ടായിട്ടുള്ളതും 07.03.2015 ാം തീയ്യതി രണ്ടുപേരെയും ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ

2